പി.എസ്.കുഞ്ഞുമൊയ്തീൻ

# ന്യായാധിപന്മാർ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

عَنْ عَائِشَة رَضِيَ اللهُ عَنْهَا أَنَّ رَسُولَ اللهِ ﷺ قَالَ: إِنَّمَا اَهْلَكَ الّذِينَ قَبْلَكُمْ أَنَّهُمْ كَانُو اِذَا سَرَقَ فِيهِمُ الشَّرِيفُ تَرَكُوه وَاِذَا سَرَقَ فِيهِمُ الضَّعِيفُ أَقَامُوا عَلَيْهِ الْحَدَّ، وَاللهِ لَوْ أَنَّ فَاطِمَةَ بِنْتَ مُحَمَّدٍ سَرَقَتْ لَقَطَعْتُ يَدَهَا (البخاري)

**ആഇശ(റ)യിൽ നിന്നു നിവേദനം. നബി(സ) പറഞ്ഞു: "നിങ്ങൾക്ക് മുമ്പുള്ളവർ നശിപ്പിക്കപ്പെടാൻ കാരണം അവർ തങ്ങളിലെ മാന്യൻ മോഷ്ടിച്ചാൽ അവനെ വെറുതെ വിടുകയും, ദുർബലൻ മോഷ്ടിച്ചാൽ അവനെ പിടികൂടി ശിക്ഷിക്കുകയും ചെയ്തിരുന്നതാണ്. അല്ലാഹുവാണ് സത്യം, മുഹമ്മദിന്റെ മകൾ ഫാത്വിമയാണ് മോഷ്ടിച്ചതെങ്കിൽ ഞാനവളുടെ കൈ ഛേദിക്കുക തന്നെ ചെയ്യും" (ബുഖാരി).**

നിലവിലെ സാഹചര്യത്തിൽ വളരെ പ്രസക്തമായ വിഷയമാണ് ഈ ഹദീസ് ഉൾക്കൊള്ളുന്നത്. ഒരു സമൂഹം ഒന്നടങ്കം ശിക്ഷിക്കപ്പെടാൻ ഇടയാക്കുന്ന ഭയങ്കര കുറ്റകൃത്യമാണ് സാമൂഹിക നീതിയുടെ നിഷേധം. അതായത് പ്രബലന് ഒരു നീതിയും ദുർബലന് വേറൊരു നീതിയും എന്ന വിവേചനം. ചരിത്രത്തിലുടനീളമുള്ള വിവേചനപരമായ നിയമ നിർവഹണം ദുർബലനെ കൈകാര്യം ചെയ്യാൻ മാത്രമാണ് മുതിർന്നിട്ടുള്ളത് എന്നാണ് ഹദീസ് സൂചിപ്പിക്കുന്നത്. ഈ പ്രവണത ഇന്നും തുടരുന്നതായി നമുക്ക് കാണാം.

നീതി സ്ഥാപിതമാവണമെന്നത് ഖുർആന്റെയും സുന്നത്തിന്റെയും അടിസ്ഥാന അധ്യാപനമാണ്. മുസ്‌ലിം സമൂഹത്തിന്റെ നിയോഗ ലക്ഷ്യമായും ഖുർആൻ അത് എടുത്ത് പറഞ്ഞിരിക്കുന്നു. യഥാർഥ നീതിപാലകരെയാണ് അല്ലാഹു ഇഷ്ടപ്പെടുന്നത്. ഹദീസിൽ സൂചിപ്പിച്ചത് പോലെ, പണവും സ്വാധീനവുമില്ലാത്ത സാധാരണക്കാരൻ മോഷ്ടിച്ചാൽ അവനെ ശിക്ഷിക്കാൻ ഭരണകൂടം ജാഗ്രത കാട്ടും. അവനെ കിട്ടിയില്ലെങ്കിൽ അവന്റെ ബന്ധുവിനെ ശിക്ഷിക്കും. പണവും സ്വാധീനവുമുള്ളവൻ എന്തൊക്കെ അതിക്രമങ്ങൾ കാട്ടിയാലും അവനെ രക്ഷിക്കാൻ നിയമത്തിൽ കണ്ടമാനം പഴുതുകൾ ഉണ്ടായിവരും. ഇത്തരം നീതിനിഷേധങ്ങൾ അല്ലാഹുവിന്റെ ക്രോധവും ശാപവും ക്ഷണിച്ചുവരുത്തുകയാണ് ചെയ്യുന്നത്. പൂർവിക സമൂഹങ്ങൾ നശിപ്പിക്കപ്പെടാനുണ്ടായ കാരണം ഇതാണെന്നാണ് പ്രവാചകൻ(സ) മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. ആ മുന്നറിയിപ്പ് ഏറ്റവും പ്രസക്തമായ ഒരു കാലത്താണ് നമ്മൾ ജീവിക്കുന്നത്.

നീതിന്യായ നിർവഹണത്തിന് ഏൽപ്പിക്കപ്പെട്ടാൽ ജഡ്ജിമാർ രണ്ട് കക്ഷികൾക്കും പറയാനുള്ളത് മുഴുവൻ കേട്ട് അതിന്റെ നിജസ്ഥിതികൾ അന്വേഷിച്ചറിഞ്ഞ ശേഷമേ വിധി പ്രസ്താവിക്കാവൂ എന്ന് നബി(സ) വ്യക്തമാക്കിയിട്ടുണ്ട്. ഏതെങ്കിലും ഒരു പക്ഷത്തേക്ക് മാത്രം ചായുമ്പോൾ അനീതി സംഭവിക്കാൻ ഇടവരും. അലി (റ) പറയുന്നു: "നബി(സ) എന്നോട് പറഞ്ഞു: ഓ അലീ, രണ്ട് എതിർ കക്ഷികൾ നിങ്ങളെ സമീപിച്ചാൽ ഒന്നാമനിൽ നിന്ന് കേട്ടതു പോലെ രണ്ടാമനിൽ നിന്നു കൂടി കേൾക്കാതെ ഒരിക്കലും വിധി പറയരുത്. അങ്ങനെ രണ്ടു ഭാഗവും കേട്ടാൽ ന്യായവിധി നിങ്ങൾക്ക് സ്വയം തെളിഞ്ഞു വരും" (അഹ്മദ്, അബൂദാവൂദ്, തിർമിദി).

സാമൂഹിക അസ്വസ്ഥതകളോ ജനവികാരങ്ങളോ ന്യായവിധിയെ ബാധിക്കാനോ സ്വാധീനിക്കാനോ പാടില്ല. അങ്ങനെയുള്ള വൈകാരികാവസ്ഥയിൽ നിന്ന് മാറി നിൽക്കാൻ ജഡ്ജിമാർക്ക് സാധിക്കേണ്ടതുണ്ട്. അല്ലെങ്കിൽ ന്യായവിധിയിൽ അന്യായം സംഭവിക്കാൻ സാധ്യതയുണ്ട്. വ്യക്തിപരമായി അസ്വസ്ഥതകളോ ദേഷ്യമോ ഉണ്ടാകുന്ന വേളയിലായിരിക്കരുത് ന്യായാധിപന്മാരുടെ വിധി പ്രഖ്യാപനം എന്ന് റസൂൽ (സ) പറഞ്ഞത് വ്യക്തിയുടെയും സമൂഹത്തിന്റെയും വൈകാരികാവസ്ഥകൾ നീതി നിർവഹണത്തെ ബാധിക്കാതിരിക്കാനാണ്. ഇസ്‌ലാമിക ഭരണകൂടത്തിലെ ജഡ്ജിമാർ പ്രവാചകന്റെ ഈ നിർദേശത്തെ ജാഗ്രതയോടെ നടപ്പാക്കിയിരുന്നു. അബ്ദുല്ലാഹിബ്നു അബീബക്റിൽ നിന്ന് റിപ്പോർട്ട്: സിജിസ്താനിലെ ന്യായാധിപനായിരുന്ന ഉബൈദുല്ലാഹിബ്നു അബീബക്റിന് എന്റെ പിതാവിന്റെ നിർദേശാനുസരണം ഞാൻ ഇങ്ങനെ എഴുതി: "താങ്കൾ കോപിഷ്ഠനായിരിക്കുമ്പോൾ രണ്ട് കക്ഷികൾക്കിടയിൽ വിധി പ്രസ്താവിക്കരുത്." നബി (സ) പറഞ്ഞത് ഞാൻ കേട്ടിരിക്കുന്നു: "കോപിഷ്ഠനായിരിക്കെ നിങ്ങളിലാരും രണ്ട് കക്ഷികൾക്കിടയിൽ വിധി പ്രസ്താവിക്കരുത്" (മുസ്‌ലിം).

സാമൂഹിക ജീവിതത്തിന്റെ നിലനിൽപ്പിന്നാധാരമായ നീതിവ്യവസ്ഥ താളം തെറ്റിയാൽ മനുഷ്യജീവിതത്തിന് മൊത്തം താളം നഷ്ടപ്പെടും. അതിനാലാണ് ന്യായവിധി നിർവഹിക്കുന്നവർ അത് ജാഗ്രതയോടെ നിർവഹിക്കണമെന്ന് റസൂൽ (സ) ഉണർത്തിയത്. അങ്ങനെ നീതിപൂർവം ആ ഉത്തരവാദിത്തം നിർവഹിക്കുന്നവർ അല്ലാഹുവിന്റെ സമീപസ്ഥരായിരിക്കുമെന്ന് റസൂൽ (സ) സന്തോഷവാർത്ത അറിയിച്ചിട്ടുണ്ട്. അബ്ദുല്ലാഹിബ്നു ഉമറി(റ)ൽ നിന്ന്. നബി (സ) പറഞ്ഞു: "നീതിമാന്മാർ പരമകാരുണികന്റെ വലതുവശത്ത് പ്രകാശ പീഠങ്ങളിൽ ഉപവിഷ്ടരായിരിക്കും. തങ്ങളുടെ ഭരണത്തിലും കുടുംബത്തിലും അവർ ഏറ്റെടുത്ത അധികാരത്തിലും നീതിയോടെ വർത്തിക്കുന്നവരാണവർ" (മുസ്‌ലിം). ■